

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: **doknr.ksad@kerala.gov.in**
ഫോൺ : **0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.9/1490/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/10/2023
ഇ-മെയിൽ:
doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം **:** പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ **2022-2023** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.9/1490/2023 തീയ്യതി: 12/10/2023

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ **2022-2023** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേല ുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-08-2022 മുതൽ 06-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എ. ആർ. ജിതേന്ദ്രൻ	ഡെപ്യൂട്ടി ഡയറക്ടർ	07-09-2023	16-09-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-09-2023	16-09-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഗോകുൽ. ഡി. കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അശോകൻ. സി. കെ.	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ. പ്രദീപൻ തെക്കേക്കാട്ടിൽ.	സെക്രട്ടറി	01-04-2022	12-01-2023
ശ്രീമതി. ശ്രീജ. എസ് പുത്തൻപുരയിൽ	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-01-2023	19-01-2023
ശ്രീ. ഉമേഷ് ബാബു കോട്ടായി	സെക്രട്ടറി	20-01-2023	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ശ്രീജ. എസ് പുത്തൻപുരയിൽ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
ശ്രീ. ആനന്ദൻ. പി. വി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	05-05-2022
ശ്രീമതി. ശിശിര. എം. പി.	അസിസ്റ്റന്റ് എഞ്ചിനീയർ	06-05-2022	31-03-2023
ശ്രീമതി. സുമയ്യ. പി. വി.	കൃഷി ഓഫീസർ	01-04-2022	29-07-2022
ശ്രീ. സുനിൽ കുമാർ കൊയിറ്റി	കൃഷി ഓഫീസർ	30-07-2022	31-03-2023
ശ്രീ. മധുസൂദനൻ. പി.	വി.ഇ.ഒ. പന്ന്യന്നൂർ	01-04-2022	07-08-2022
ശ്രീമതി. റസീന. കെ.	വി.ഇ.ഒ. പന്ന്യന്നൂർ	08-08-2022	31-03-2023
ശ്രീ. നിരുപ് കുമാർ	വി.ഇ.ഒ. ചമ്പാട്	01-04-2022	31-03-2023
ഡോ. അതുല്യ. എ.	മെഡിക്കൽ ഓഫീസർ PHC	01-04-2022	31-03-2023
ഡോ. ദിവ്യ. പി.	വെറ്റിനറി സർജൻ	01-04-2022	31-03-2023
ഡോ. സിതാര ധർമ്മരാജ്	മെഡിക്കൽ ഓഫീസർ GAD	01-04-2022	31-03-2023
ശ്രീമതി. വിനീത. കെ.	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2022	15-01-2023
ശ്രീമതി. ജീന കോറോത്ത്	ഐ സി ഡി എസ് സൂപ്പർവൈസർ	16-01-2023	31-03-2023
ശ്രീ. വിനോദ് കുമാർ. എ.	ഹെഡ് മാസ്റ്റർ	01-04-2022	02-07-2022
ശ്രീ. ടി. രഘു	ഹെഡ് മാസ്റ്റർ	03-07-2022	31-03-2023

ശ്രീ. ജയൻ. എം. വി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീ. ടി. കെ. രജീഷ്.	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	30-12-2022
ശ്രീ. ടി. ആർ. രാജേഷ്.	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	31-12-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-2
4	മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.	1-1-3
5	ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ തുക കണക്കിലെടുത്തില്ല	1-1-4
6	Income And Expenditure സ്റ്റെറ്റ്മെന്റിൽ Gross Surplus/Deficit Of Income Over Expenditure ആയി രേഖപ്പെടുത്തിയ തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	CFC Grant - B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-6
8	സമയ ബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല	1-1-7
9	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-8
10	പുതുക്കിയ ബജറ്റ്	1-2-1
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം.	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണം	1-9
19	ഗ്രാമ സഭ	1-10
20	ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി - സഞ്ചയ സോഫ്റ്റ് വെയറിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കുന്നില്ല	1-11
21	മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്	1-12
22	എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കിയതിൽ ₹3000 യുടെ കുറവ്	1-13
23	സ്മാർട്ട് ഐ-ഫോസ് 1 - തുകയുടെ വിനിയോഗവിവരം ലഭ്യമാകാത്തതിനാൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-14

24	മാലിന്യം നീക്കം ചെയ്യുന്നതിനായി വാങ്ങിയ വാഹനം ഉപയോഗിക്കുന്നില്ല	1-15
25	സർവ്വീസ്/ഫാമിലി പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി - അനർഹമായി കൈപ്പറ്റിയ തുകകൾ തിരികെ ഈടാക്കേണ്ടതാണ്	1-16
26	നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല	1-17
27	വെള്ളക്കരം അടവാക്കൽ -പൊതുടാപ്പുകളുടെ ആവശ്യകത പരിശോധിക്കേണ്ടതാണ്	1-18
28	വീട് വാസയോഗ്യമാക്കൽ(പട്ടിക ജാതി) പദ്ധതി - ഓവർസീയർ/ എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ മുഴുവൻ ധനസഹായവും അനുവദിച്ചു-₹1,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-19
29	കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ റിപ്പയറിംഗ് കേരള സാമൂഹ്യസുരക്ഷാമിഷന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹77872 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20
30	ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല	1-21
31	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-22
32	ആയുർവേദ ഡിസ്പെൻസറി - ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകം	1-23
33	തനത് വരുമാനം-അവലോകനം	1-24
ഭാഗം **2**		
1	എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കിയതിൽ ₹3000 യുടെ കുറവ്	2-1
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	ധനകാര്യ പത്രികകൾ

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്ടർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 03-07-2023 ലെ 243/23 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 05-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
12-10-2023.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക

ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5614566 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-3482141 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-4 ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ തുക കണക്കിലെടുത്തില്ല

ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 18-5-2010 ന് ₹10000 യും 31-10-2016 ന് ₹3041 യും പന്ന്യന്നൂർ സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ നേരിട്ട് ക്രെഡിറ്റായിട്ടുണ്ടെങ്കിലും നാളിതുവരെയായും ആയത് ഏത് ഇനത്തിലുള്ളതാണെന്ന് കണ്ടെത്തി രസീത് പുറപ്പെടുവിച്ച് കണക്കിലെടുത്തിട്ടില്ല.

1-1-5 Income And Expenditure സ്റ്റെറ്റ്മെന്റിൽ Gross Surplus/Deficit Of Income Over Expenditure ആയി രേഖപ്പെടുത്തിയ തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല

Income And Expenditure സ്റ്റെറ്റ്മെന്റിൽ Gross Surplus/Deficit Of Income Over Expenditure ആയി രേഖപ്പെടുത്തിയ തുക (₹-6163368) യഥാർത്ഥ തുകയുമായി (₹-5625276) പൊരുത്തപ്പെടുന്നില്ല. Gross Surplus/Deficit Of Income Over Expenditure After Prior Period ആയി രേഖപ്പെടുത്തിയ തുകയോട് (-5894322) Prior Period Income (₹269046) കൂട്ടേണ്ടത്തിനു പകരം കുറവ് ചെയ്താണ് തുക രേഖപ്പെടുത്തിയത്. എന്നാൽ 31-3-2023 ലെ ബാലൻസ് ഷീറ്റിലെ 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ തുകയായ -5625276 രൂപ തന്നെയാണ്.

1-1-6 CFC Grant - B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല

CFC Grant - B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹3199636) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹3091260) പൊരുത്തപ്പെടുന്നില്ല. വ്യത്യാസമുള്ള തുകയായ 108376 രൂപ 2023-24 സാമ്പത്തിക വർഷമാണ് ചെലവഴിച്ചിട്ടുള്ളത്.

1-1-7 സമയ ബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല

ആക്രൂവൽ അടിസ്ഥാനമായ വരവുകളുടെ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി സാമ്പത്തിക വർഷവസാനം 31-3-2023 നാണ്

ഡിമാൻഡ് എൻട്രി വരുത്തിയിട്ടുള്ളത്.

1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല..

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-2-1 പുതുക്കിയ ബജറ്റ്.

പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ പുതുക്കിയ ബജറ്റ് 13-3-2023 ലെ 76/2023 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

മുന്നിരിപ്പ്	9365021
വരവ്	168549210
ആകെ	177914231
ചെലവ്	169812226
നീക്കിയിരിപ്പ്	8102005

1-2 ബജറ്റ്.

പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 26-3-2022 ലെ 66/22-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

മുന്നിരിപ്പ്	9611186
വരവ്	160786060
ആകെ	170397246
ചെലവ്	162044800
നീക്കിയിരിപ്പ്	8352446

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).

വർഷം	2022-23
മുന്നിരിപ്പ്	10860971
വരവ്	35243954
ആകെ	46104925
ചെലവ്	29629388
നീക്കിയിരിപ്പ്	16475537
വരവിനങ്ങളിലെ നഷ്ടം	3000
ചെലവിനങ്ങളിലെ നഷ്ടം	ഇല്ല
തടസ്സപ്പെടുത്തിയ തുക	404872

വികസന ഫണ്ട് ജനറൽ, എസ് സി പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ട്രഷറി വരവ്, സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്,

തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് & പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ഉൾപ്പെടാത്താത്തതിനാൽ മേൽ വരവും ചെലവും ഭാഗികമാണ്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് - ജനറൽ	0	14981000	14981000	14460783	520217
വികസന ഫണ്ട് - എസ് സി പി	0	318352	318352	311827	6525
മെയിന്റനൻസ് ഫണ്ട് - റോഡ്	0	3392000	3392000	1284732	2107268
മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്	0	4571000	4571000	3671636	899364
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്	1227769 (ബാങ്ക്)	3586000 (ബാങ്ക്) 1129272 (ട്രഷറി)	5943041	2373049 (ബാങ്ക്) 366488 (ട്രഷറി)	2440720 (ബാങ്ക്) 762784 (ട്രഷറി)
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ്	145773 (ബാങ്ക്)	2498952 (ബാങ്ക്)	2644725 (ബാങ്ക്)	1994185 (ബാങ്ക്)	650540 (ബാങ്ക്)
ഐ സി ഡി എസ് കേന്ദ്രവിഹിതം	13034	1151276	1164310	351238	813072
ടോട്ടൽ സാനിറ്റേഷൻ	130322	0	130322	130322	0
സ്വച്ഛ് ഭാരത് അഭിയാൻ	0	228000	228000	228000	0
ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	0	239869	239869	20098	219771
ഹെൽത്ത്ഗ്രാന്റ്	0	111699	111699	0	111699
എം പി ഫണ്ട്	662	11	673	673	0
എസ് എസ് എ	217	0	217	0	217
എംജിഎൻആർഇജിഎസ്	95	22428202	22428297	22425147	3150
വിമുക്തി	17571	0	17571	0	17571
അംഗൻവാടി നെയിം ബോർഡ്	1030	0	1030	0	1030
അംഗൻവാടി വൈഫൈ കണക്ഷൻ	0	2500	2500	2500	0
ആയുഷ് ഫണ്ട്	0	450000	450000	426204	23796

ശുചിത്വ മിഷൻ ഫണ്ട്	287881	17995	305876	3	305873
പ്രത്യേകോദ്ദേശ്യ ഗ്രാന്റ്	0	201421	201421	0	201421
മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട് ക്യാപിറ്റൽ	0	336155	336155	0	336155
മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട് റവന്യൂ	0	2564000	2564000	2564000	0
റൂറൽ ഹൗസിങ് ഫണ്ട്	0	1600956	1600956	60	1600896
സാക്ഷരത	76769	2210	78979	0	78979
ആർ ആർ എഫ് ബ്ലോക്ക് വിഹിതം	30000	0	30000	0	30000
ബാംബൂ പ്ലാന്റേഷൻ ഫണ്ട്	2934	21066	24000	0	24000
ആർദ്ര കേരള പുരസ്കാരം	300000	0	300000	187858	112142

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
175	61717227	134	36744839	38	41	55

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥർ	പ്രോജക്ടുകളുടെ എണ്ണം		ആകെ അടങ്കൽ	ചെലവഴിച്ച തുക	ചെലവ് %
		ഏറ്റെടുത്തത്	നടപ്പിലാക്കിയത്			
1	സെക്രട്ടറി	31	21	5515476	3688852	67
2	അസിസ്റ്റന്റ് സെക്രട്ടറി	5	4	352800	289552	82
3	അസിസ്റ്റന്റ് എഞ്ചിനീയർ	40	26	19507901	6366710	33
4	കൃഷി ഓഫീസർ	16	12	1676100	1347292	80
5	വി.ഇ.ഒ. പന്ന്യന്നൂർ	8	8	12490231	8874133	71

6	വി.ഇ.ഒ. ചമ്പാട്	11	11	7130700	5932493	83
7	മെഡിക്കൽ ഓഫീസർ PHC	16	13	3637009	2255955	62
8	മെഡിക്കൽ ഓഫീസർ GAD	5	5	768000	749829	98
9	വെറ്റിനറി സർജൻ	12	12	2035000	1490000	73
10	ICDS സൂപ്പർവൈസർ	17	11	5878660	3997119	68
11	ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	397000	397000	100
12	ഹെഡ് മാസ്റ്റർ	10	9	1649500	1275904	77
13	ഫിഷറീസ് സബ് ഇൻസ്പെക്ടർ	3	1	678850	80000	12
	ആകെ	175	134	61717227	36744839	60

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	95	815262	815357	812207	3150
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	21612940	21612940	21612940	0
ആകെ	95	22428202	22428297	22425147	3150

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക ₹
കർഷക തൊഴിലാളി പെൻഷൻ	167	2407600
വിധവാ പെൻഷൻ	911	12729400
വാർദ്ധക്യകാല പെൻഷൻ	1872	24098000
വികലാംഗ പെൻഷൻ	271	3718200
അവിവാഹിത പെൻഷൻ	162	2240000
വിവാഹ ധനസഹായം	4	120000

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-09-2023ന് 3.49 Pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹27965 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ്

ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും ക്യാഷിന്റെയും ബേങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരികത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. നികുതി നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവർത്തനത്തിനുതകുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലും 5/2022, 8/2022, 10/2022, 12/2022, 3/2023 എന്നീ മാസങ്ങളിലായി ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികഞ്ഞിട്ടുണ്ട്. ഗ്രാമസഭകളിലെ അജണ്ടകളിൻമേൽ ചർച്ച നടക്കുകയും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1-11 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ ്തു നികുതി - സഞ്ചയ സോഫ്റ്റ് വെയറിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ്(2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിലെ മനയത്ത് വയൽ വാർഡിൽ (വാർഡ് നമ്പർ 2) പുഴക്കൊറ്റവിട മുതുവന കുഞ്ഞിമ്മൂസ ഹാജി, പുത്തലത്ത് മൂർക്കോത്ത കണ്ടി താഹിറ എന്നിവരുടെ ഉടമസ്ഥതയിലുള്ള 337.98 ച.മീ തറ വിസ്തീർണമുള്ള ഇരുനില വാണിജ്യ കെട്ടിടത്തിലെ (പെർമിറ്റ് നമ്പർ A3-1899/17 തീയതി: 23-05-2017) കടമുറികളുടെ വസ്തു നികുതി നിർണ്ണയം ചുവടെ കാണിച്ചിരിക്കുന്ന പ്രകാരമാണ് സഞ്ചയയിൽ നടത്തിയിരിക്കുന്നത്.

ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വിവരങ്ങൾ	
കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല	പ്രഥമം
കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര്	കതിരൂർ നാദാപുരം റോഡ്
റോഡിന്റെ തരം	5 മീറ്ററോ അതിൽ കൂടുതൽ
കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം	കോൺക്രീറ്റ് മേൽക്കൂര
തറ നിർമിതിയുടെ വിവരം	മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ
കെട്ടിടത്തിന്റെ കാലപ്പഴക്കം	0
കെട്ടിടത്തിന്റെ ഉപയോഗക്രമം	വാണിജ്യാവശ്യത്തിനുള്ളവ 200 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ
അടിസ്ഥാന വസ്തു നികുതി നിരക്ക്	₹70

കട മുറിയുടെ നമ്പർ	നില	തറ വിസ്തീർണം	അടിസ്ഥാന വസ്തു നികുതി യിൻ മേലുള്ള വർദ്ധനവ്	അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവ്	സഞ്ചയ പ്രകാരം നിർണ്ണയിച്ച ആകെ നികുതി (വസ്തു നികുതി +ലൈബ്രറി സെസ്സ്)
II/265 A	ഗ്രൗണ്ട് ഫ്ലോർ	18.78	20%	ഇല്ല	1657+83
II/265 B	ഗ്രൗണ്ട് ഫ്ലോർ	18.78	20%	ഇല്ല	1657+83
II/265 C	ഗ്രൗണ്ട് ഫ്ലോർ	18.78	20%	ഇല്ല	1657+83
II/265 D	ഗ്രൗണ്ട് ഫ്ലോർ	18.78	20%	ഇല്ല	1657+83
II/265 E	ഗ്രൗണ്ട് ഫ്ലോർ	18.78	20%	ഇല്ല	1657+83
II/265 F	ഗ്രൗണ്ട് ഫ്ലോർ	18.78	20%	ഇല്ല	1657+83
II/265 G	ഗ്രൗണ്ട് ഫ്ലോർ	18.78	20%	ഇല്ല	1657+83
II/265 H	ഗ്രൗണ്ട് ഫ്ലോർ	18.78	20%	ഇല്ല	1657+83

II/265 I	ഗ്രൗണ്ട് ഫ്ലോർ	18.78	20%	ഇല്ല	1657+83
II/265 J	ഫസ്റ്റ് ഫ്ലോർ	157.26	20%	ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%)	13178+659
II/265 K	ഫസ്റ്റ് ഫ്ലോർ	11.7	20%	ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%)	981+50

കെട്ടിട ഉടമ സമർപ്പിച്ച ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവ് 35% ആയിരിക്കേണ്ടതാണ്. പക്ഷെ സഞ്ചയയിലെ വസ്തു നികുതി അസസ്മെന്റിൽ പ്രസ്തുത ഇനത്തിൽ 20% വർദ്ധനവ് മാത്രമേ വരുത്തിയിട്ടുള്ളൂ, തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടു 8/19-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻകുയറിക്ക് കെട്ടിടത്തിനെ സംബന്ധിച്ച ഫോം 6 വിവരങ്ങൾ എല്ലാം തന്നെ സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ആയത് പ്രകാരം സോഫ്റ്റ്വെയർ ഓട്ടോമാറ്റിക് ആയിട്ടാണ് നികുതി നിർണ്ണയം നടത്തുന്നത് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. 250 ച. മീറ്ററിൽ അധികം തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ (ചെറിയ മുറികൾ/ഹാളുകളായി തിരിച്ചിരിക്കുന്ന ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം) വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 15 % വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയർ നികുതി നിർണയത്തിന് പരിഗണിക്കുന്നില്ല എന്നുള്ള വിവരം സോഫ്റ്റ് വെയർ സേവനദാതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന പ്രസ്തുത വർദ്ധനവ് ലഭ്യമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-12 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന VII/334A നമ്പർ മൊബൈൽ ടവറിന്റെ 2018-19 സാമ്പത്തിക വർഷത്തെ വസ്തു നികുതി കുടിശ്ശികയിനത്തിൽ ₹8,330 താഴെപ്പറയും പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്.

വാർഡ്/ കെട്ടിട നമ്പർ	കെട്ടിട ഉടമയുടെ/ കമ്പനിയുടെ പേര്	ഈടാക്കാനവശേഷിക്കുന്ന വസ്തു നികുതി കുടിശ്ശിക (സഞ്ചയ പ്രകാരം)
VII/334A	ബിജു പത്മനാഭൻ റിലയൻസ് ഇൻഫ്രാ ടെൽ ലിമിറ്റഡ്	3967 + 199 (Library Cess) 2018-19 ഒന്നാം അർദ്ധ വർഷം 3966 + 198 (Library Cess) 2018-19 രണ്ടാം അർദ്ധ വർഷം
	ആകെ	7933 + 397 (Library Cess) = 8330

മേൽ പ്രകാരമുള്ള വസ്തു നികുതിയുടെ കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ 4/9-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻകുയറിക്ക് VII/334A നമ്പർ മൊബൈൽ ടവറിന്റെ വസ്തു

നികുതി കുടിശ്ശിക ഈടാക്കുന്നതിനായി പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ടെന്നും നിലവിൽ കേസ് തുടർന്ന് വരുന്നുണ്ടെന്നുമുള്ള മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. കേസ് നടപടികൾ ത്വരിതപ്പെടുത്തി മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക പിഴ സഹിതം ഈടാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കിയതിൽ ₹3000 യുടെ കുറവ്

31-10-2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം ₹500, ₹1000, ₹5000, ₹10000, ₹15000) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. എന്നാൽ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിലെ ചുവടെ പറയുന്ന സ്ഥാപനത്തിൽ നിന്നും ചട്ടം അനുശാസിച്ചതിലും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്.

സ്ഥാപനം	ലൈസൻസ് നമ്പർ	വാർഡ് /കെട്ടിട നമ്പർ	ഉടമസ്ഥന്റെ പേര്	മൂലധന നിക്ഷേപം/ മേഖല (അപേക്ഷ പ്രകാരം)	ഈടാക്കിയ തുക/ രശീത് നമ്പർ / തീയതി	ഈടാക്കേണ്ട ഫീസ്	ഈടാക്കാൻ കുറവ് വന്ന ഫീസ്
ഡോൾഫിൻ ബേക്ക്സ് മീത്തലെ ചമ്പാട്	124/2022-2023/ B4/240/22, Dt:21-05-2022	XV/294 B, F	ശ്രേയസ് കൃഷ്ണൻ. ടി. ആർ, പ്രശാന്തി നിലയം കുട്ടിമാക്കൂൽ	₹50,00,000/ സേവന മേഖല	₹2000 1220200342/ 21-05-2022	₹5000	₹3000

ഗ്രാമ പഞ്ചായത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന ഫീസ് നിരക്കുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദമാക്കുവാനും 3/8-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലൈസൻസ് ഫീസ് നിരക്കുകൾ ക്രമീകരിച്ച് കൊണ്ട് ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തിട്ടില്ലെന്നും സർക്കാർ നിശ്ചയിച്ച പരമാവധി നിരക്കിലാണ് നിലവിൽ ലൈസൻസ് ഫീസ് ഈടാക്കി വരുന്നതെന്നും മേൽ സ്ഥാപനം വർഷങ്ങളായി വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസായി ₹2000 അടവാക്കിയിട്ടാണ് പ്രവർത്തിച്ചു വരുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. മേൽ സ്ഥാപനത്തിന്റെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക ₹3000 സ്ഥാപന ഉടമയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

1-14 സ്മാർട്ട് ഐ-ഫോസ് 1 - തുകയുടെ വിനിയോഗവിവരം ലഭ്യമാകാത്തതിനാൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി	

പ്രോജക്ട് നമ്പർ / പേര്	162/23	സ്മാർട്ട് ഐ-ഫേസ് 1
അടങ്കൽ	₹177000	തനത് ഫണ്ട്
ചെലവ്	₹177000	വൗച്ചർ നമ്പർ : 22200872/18-3-2023

മേൽ പ്രൊജക്ട് പ്രകാരം പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സിസിടിവി സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവർ ഒപ്റ്റിമൈസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹177000 നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ വിഹിതം കൈമാറിയ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതായി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ JSI – 4470/2022 തീയതി 9-5-2023 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാപഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗവിവരം, പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ 5/11-9-2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗവിവരം ലഭ്യമാകാത്തതിനാൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 മാലിന്യം നീക്കം ചെയ്യുന്നതിനായി വാങ്ങിയ വാഹനം ഉപയോഗിക്കുന്നില്ല

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്ത പഞ്ചായത്താക്കി മാറ്റുന്നതിന്റെ ഭാഗമായി വീടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം പ്രൊജക്ട് നമ്പർ 155/21 പ്രകാരം ₹604401 ചെലവഴിച്ച് ബൊലേറോ പിക്ക്അപ്പ് വാഹനം (KL58 AE 4211) വാങ്ങിയിട്ടുണ്ട്. വാഹനത്തിന്റെ ലോഗ് ബുക്ക്, വാഹനവുമായി ബന്ധപ്പെട്ട മറ്റ അനുബന്ധചെലവുകൾ എന്നിവ പരിശോധിച്ചതിൽ 1-10-2021 മുതൽ 2-1-2023 വരെയുള്ള കാലയളവിലെ യാത്ര സംബന്ധിച്ച വിവരങ്ങളാണ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ 13-8-2022, 14-8-2022 എന്നീ തീയതികളിലായി ആകെ രണ്ടു തവണ മാത്രമാണ് മാലിന്യം നീക്കം ചെയ്യുന്നതിനായി വാഹനം ഉപയോഗിച്ചിട്ടുള്ളത്. വാഹനത്തിന്റെ സർവ്വീസ്, റിപ്പയറിങ് എന്നീ ആവശ്യങ്ങൾക്കായാണ് മറ്റ യാത്രകൾ നടത്തിയിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ 8/22, 1/23 മാസങ്ങളിലായി ആകെ ₹3000 യാണ് ഇന്ധനത്തിനായി ചെലവഴിച്ചിട്ടുള്ളത്. 1-10-2022 ന് റിപ്പയറിങ്ങിനായി കണ്ണൂരിലേക്ക് യാത്ര ചെയ്തതായി രേഖപ്പെടുത്തിയതിനു ശേഷം 2-1-2023 ന് ഇന്ധനം നിറയ്ക്കുന്നതിനായി തലശ്ശേരിയിലേക്കും യാത്ര നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുക എന്ന പ്രത്യേക ആവശ്യത്തിനായി വാങ്ങിയ വാഹനം മാലിന്യം നീക്കം ചെയ്യുന്നതിനായി ഉപയോഗിക്കാത്തതിന്റെ കാരണവും മാലിന്യം നീക്കം ചെയ്യുന്നത് എപ്രകാരമാണ് എന്നും 2-1-2023 ന് ശേഷം വാഹനം ഉപയോഗിച്ചിട്ടുണ്ടോയെന്നും നിലവിലെ അവസ്ഥയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ 23/15-9-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഹരിതകർമ സേനയിലെ അനുയോജ്യരായ ആൾക്ക് പരിശീലനം നൽകി ഡ്രൈവറായി നിശ്ചയിക്കുന്നതിനും വേതനം ഹരിതകർമ സേന കൺസോർഷ്യത്തിൽ നിന്നും അനുവദിക്കുന്നതിനുമാണ് തീരുമാനിച്ചിരുന്നതെന്നും എന്നാൽ ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കി ലൈസെൻസ് എടുക്കാൻ ഒരാൾക്കും കഴിയാതെ വന്ന സാഹചര്യത്തിലാണ് വാഹനം ഉപയോഗിക്കാൻ സാധിക്കാത വന്നതെന്നും അറിയിച്ചിട്ടുണ്ട്. 25-8-2023 ലെ സ.ഉ.(സാധാ) 1739/2023/ത.സ്വ.ഭ.വ പ്രകാരം ഹരിത കർമ സേനയുടെ വാഹനത്തിന് ഡ്രൈവറെ നിയമിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമായ സാഹചര്യത്തിൽ

ഡ്രൈവറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാഹനം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മേൽ വിഷയം സംബന്ധിച്ച് തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ വാഹനം ഉപയോഗിച്ചില്ലെങ്കിൽ പ്രവർത്തനം നിലച്ചുപോകുന്നതിനാൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-16 സർവ്വീസ്/ഫാമിലി പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി - അനർഹമായി കൈപ്പറ്റിയ തുകകൾ തിരികെ ഈടാക്കേണ്ടതാണ്

സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് പുറപ്പെടുവിച്ച സ.ഉ(എം.എസ്)നം.97/2020/ധന തീയതി: 23-09-2020 പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നതിന് 7 പൊതു മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിലെ 6-ാം നമ്പർ മാനദണ്ഡ പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൻ കേന്ദ്രസർക്കാർ /മറ്റ് സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം/പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്നയാളോ, മാനദണ്ഡം 7 പ്രകാരം അപേക്ഷകൻ കേന്ദ്ര/സംസ്ഥാന പൊതു മേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്നയാളോ ആവാൻ പാടില്ല.
സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഏതെങ്കിലും ഗുണഭോക്താക്കൾ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും അവർക്ക് അനുവദിക്കപ്പെട്ട തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിന് 20/14-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻകൃയറിക്ക് സർവ്വീസ്/ ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ചുവടെ പറയുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ തുക കൈപ്പറ്റിയതായും നിലവിൽ പ്രസ്തുത വ്യക്തികളുടെ സാമൂഹ്യ സുരക്ഷ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടെന്നും അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഒടുക്കുന്നതിനായി പ്രസ്തുത വ്യക്തികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ തുക കൈപ്പറ്റിയതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	പെൻഷണറുടെ പേര്/മേൽ വിലാസം	സാമൂഹ്യ സുരക്ഷ പെൻഷൻ വിഭാഗം/ നമ്പർ	അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക
1	ലക്ഷ്മി എം, പുലിഞ്ഞോളിയിൽ പന്ന്യന്നൂർ പാറാൽ(പിഒ)	ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (111550200877)	₹48,400
2	ബാബുരാജ് ഒ ടി, ഒറ്റതെയുള്ളതിൽ മനേക്കര പാറാൽ(പിഒ)	ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (111550201444)	₹24,100
3	ഇ മനോഹരൻ, എളയാടത്ത് ചമ്പാട്	വികലാംഗ പെൻഷൻ (111550400034)	₹90,800
4	വത്സല കെ, അമൃത കൃപ	വികലാംഗ പെൻഷൻ (111550400228)	₹64,100

	തെക്കേ പാനൂർ		
5	ഭാർഗവി പി പി, പുത്തൻപുരയിൽ വീട് ചമ്പാട്	അവിവാഹിത പെൻഷൻ (111550500012)	₹90,740
6	ജയശ്രീന പി പി, ശ്രീനിലയം കോട്ടക്കുന്ന് ചമ്പാട്	അവിവാഹിത പെൻഷൻ (111550500148)	₹52,100
7	കെ ജാനകി, കുന്നോത്ത് ചമ്പാട്	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം (111550600014)	₹1,05,014
	ആകെ		₹4,75,254

മേൽ പറഞ്ഞ വ്യക്തികളുടെ സർവ്വീസ്/ഫാമിലി പെൻഷൻ പി.പി.ഒ നമ്പർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുകകൾ പ്രസ്തുത വ്യക്തികളിൽ നിന്ന് ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള A/C No 01101023000269 (IFSC-KSBK0000101) ൽ ഒടുക്കേണ്ടതാണ്. പ്രസ്തുത വ്യക്തികൾ തുക സ്വമേധയ തിരിച്ചടയ്ക്കാത്ത പക്ഷം അവർ തിരിച്ചടയ്ക്കേണ്ടുന്ന തുക അവർക്കനുവദിക്കുന്ന/അനുവദിച്ചിരിക്കുന്ന സർവീസ് പെൻഷൻ/കുടുംബ പെൻഷൻ തുകയിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ ട്രഷറി ഡയറക്ടർക്ക് കത്ത് നല്കേണ്ടതാണ് [ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പിന്റെ സർക്കുലർ നമ്പർ 7/2020/ധന തീയതി : 23-01-2020 ലെ 5-ാം നമ്പർ നിർദ്ദേശം കാണുക]. ₹4,75,254 തിരിച്ചു പിടിച്ച് സാമൂഹ്യ സുരക്ഷാ പെൻഷന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ച വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-17 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂറായി അനുവദിച്ച തുകയിൽ ₹285285 ക്രമീകരിക്കാൻ ബാക്കിയുണ്ട്. ആയതിൽ 258826 രൂപ 2020-21 സാമ്പത്തിക വർഷത്തിന് മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുകയിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുകയാണ്. 2020-21 സാമ്പത്തിക വർഷം പി എച്ച് സി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച ₹18166 യും അഗ്രികൾച്ചർ ഓഫീസർക്ക് അനുവദിച്ച ₹8293 യും ക്രമീകരിചിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 99, ജി.ഒ (പി) നം.419/2011/ഫിൻ തീയതി 04-10-2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്നത് വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. നാളിതുവരെയായും മുൻകൂർ നൽകിയ തുക ക്രമീകരിക്കാത്തതിന്റെ കാരണവും ₹258826 ഏത് നിർവഹണ ഉദ്യോഗസ്ഥർക്ക് ഏത് സാമ്പത്തിക വർഷം അനുവദിച്ചതാണെന്നും വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 15/13-9-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാലാണ് തുക ക്രമീകരിക്കാൻ കഴിയാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷം മുതലുള്ള തുക ക്രമീകരിക്കാൻ ബാക്കിയുണ്ട്. നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും ചെലവ് വിവരങ്ങൾ ലഭ്യമാകാതെ വീണ്ടും തുക അനുവദിക്കുന്നത് ഉചിതമായ നടപടിയല്ല. ക്രമീകരിക്കാൻ

ബാക്കിയുള്ള ₹285285 യുടെ ചെലവ് വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കി തുക ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 വെള്ളക്കരം അടവാക്കൽ -പൊതുടാപ്പുകളുടെ ആവശ്യകത പരിശോധിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ / പേര്	70/23 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ
അടങ്കൽ	₹ 492992 മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	₹32799 ബിൽ നമ്പർ : 53/16-8-2022 ₹32799 ബിൽ നമ്പർ : 78/22-9-2022 ₹32799 ബിൽ നമ്പർ : 90/13-10-2022 ₹32799 ബിൽ നമ്പർ : 118/11-10-2022 ₹32799 ബിൽ നമ്പർ : 168/15-12-2022 ₹32799 ബിൽ നമ്പർ : 224/25-1-2023 ₹82501 ബിൽ നമ്പർ : 229/24-2-2023 ₹82501 ബിൽ നമ്പർ : 371/17-3-2023 ₹131196 ബിൽ നമ്പർ : 399/24-3-2023 ആകെ : ₹492992

മേൽ പ്രൊജക്ട് പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2022 ഡിസംബർ വരെ പ്രതിവർഷം ഒരു ടാപ്പിന് ₹5788 നിരക്കിലും 2023 ജനുവരി മുതൽ പ്രതിവർഷം ഒരു ടാപ്പിന് ₹14559 നിരക്കിലും 68 ടാപ്പുകളുടെ ചാർജ്ജായി ആകെ ₹492992 വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. 68 ടാപ്പുകളും പ്രവർത്തനക്ഷമമാണെന്ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ടും ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്ന നടപടികൾ ആരംഭിച്ച സാഹചര്യത്തിലും പ്രതിവർഷം 5 ലക്ഷത്തോളം രൂപ ഈയാവശ്യത്തിനായി ചെലവഴിക്കുന്ന സാഹചര്യത്തിലും ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകൾ നിലനിർത്തേണ്ടതുണ്ടോയെന്നത് സംബന്ധിച്ചുള്ള വിവരവും ലഭ്യമാക്കുന്നതിന് 16/13-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻകൃയറിക്ക് ജലജീവൻ മിഷൻ പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് പൊതു ടാപ്പുകൾ ഒഴിവാക്കുന്നകാര്യത്തിൽ തീരുമാനമെടുക്കുന്നതാണെന്നും വെള്ളക്കരം വർദ്ധിച്ച സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. സംയുക്ത പരിശോധന പൂർത്തിയാക്കി പ്രവർത്തനക്ഷമമായ ടാപ്പുകൾക്കാണ് തുക ചെലവഴിക്കുന്നതെന്നും ടാപ്പുകളുടെ ആവശ്യകത പരിശോധിച്ച് ഈ ഇനത്തിൽ പാഴ്ചെലവ് ഉണ്ടാകുന്നില്ലെന്നും ഉറപ്പാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 വീട് വാസയോഗ്യമാക്കൽ(പട്ടിക ജാതി) പദ്ധതി - ഓവർസീയർ/എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ മുഴുവൻ ധനസഹായവും അനുവദിച്ചു-₹1,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, പന്ന്യന്നൂർ
പ്രൊജക്ട് നമ്പർ/പേര്	102/23 വീട് വാസയോഗ്യമാക്കൽ-പട്ടിക ജാതി

അടങ്കൽ	₹96,774 വികസന ഫണ്ട് - ജനറൽ ₹4,16,000 വികസന ഫണ്ട് - എസ്.സി.പി ₹87,226 തനത് ഫണ്ട് ആകെ : ₹6,00,000
ചെലവ്	₹96,774 വികസന ഫണ്ട്-ജനറൽ ₹3,11,827 വികസന ഫണ്ട്-എസ്. സി.പി ₹41,399 തനത് ഫണ്ട് ആകെ : ₹4,50,000

മേൽ പദ്ധതി പ്രകാരം വീട് വാസ യോഗ്യമാക്കുന്നതിനായി ചുവടെ പറയുന്ന ഗുണഭോക്താവിന് മുഴുവൻ ധനസഹായ തുകയും അനുവദിച്ചിട്ടുണ്ട്.

ഗുണഭോക്താവിന്റെ പേര്/വിലാസം	കെട്ടിട നമ്പർ	അനുവദിക്കപ്പെട്ട തുക/ ബിൽ നമ്പർ
ശ്യാമള. പി. കെ, പാറപ്പൊയിൽ കുനിയിൽ ചമ്പാട്-PO	14/26A	₹75,000 ബിൽ നം : 145/7-12-2022 വികസന ഫണ്ട്-എസ്.സി.പി ₹33,601 ബിൽ നം : 378/18-03-2023 വികസന ഫണ്ട്-എസ്.സി.പി ₹41,399 ബിൽനം :2343/23-3-2023 (തനത് ഫണ്ട്) ആകെ : ₹1,50,000

സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി : 28-05-2022 (ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും 2022-23 മുതൽ 2026-27വരെയുള്ള വാർഷിക പദ്ധതി - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ) ഉത്തരവിലെ ഖണ്ഡിക 6.7(4) പ്രകാരം വീട് വാസ യോഗ്യമാക്കൽ പദ്ധതിയുടെ ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട ശേഷം ആകെ അനുവദനീയമായ ധനസഹായ തുകയുടെ (150000) 50% തുക (75000) മുൻകൂറായി നൽകാമെന്നും പദ്ധതിയുടെ പൂർത്തീകരണ ശേഷം ഗ്രാമ പഞ്ചായത്തിലെ ഓവർസീയർ/എൻജിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ മുഴുവൻ ധന സഹായ തുകയും അനുവദിക്കാവൂ എന്നും അനുശാസിക്കുന്നുണ്ട്. മേൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താവ് പദ്ധതി നിർവ്വഹണത്തിന്റെ മുൻകൂർ തുക കൈപ്പറ്റിയതിന് ശേഷം ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ, പദ്ധതിയുടെ പൂർത്തീകരണ ശേഷം ഗ്രാമ പഞ്ചായത്തിലെ ഓവർസീയർ/എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ 19/14-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ പദ്ധതി നിർവ്വഹണത്തിലെ ചെലവ് തുക ₹1,50,000 ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഗുണഭോക്താവും ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ടിരിക്കുന്ന കരാർ, പദ്ധതി പൂർത്തീകരണം ഗ്രാമ പഞ്ചായത്ത് ഓവർസീയർ/ എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തിയത്തിന്റെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ റിപ്പയറിംഗ് കേരള സാമൂഹ്യസുരക്ഷാമിഷന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹77872 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ / പേര്	172/23 കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ റിപ്പയറിംഗ് കേരള സാമൂഹ്യസുരക്ഷാമിഷന് തുക നൽകൽ
അടങ്കൽ	₹100000 വികസന ഫണ്ട് – ജനറൽ
ചെലവ്	₹77872 ബിൽ നമ്പർ : 357/16-3-2023

കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ റിപ്പയറിങ്ങിനായി ശ്രീ. നബ മറിയം, ശ്രീ. നജാദ്. സി എന്നീ ഗുണഭോക്താക്കളുടെ അപേക്ഷ പരിഗണിച്ച് യഥാക്രമം ₹30090, ₹47782 എന്നിങ്ങനെ ആകെ ₹77872 കേരള സാമൂഹ്യ സുരക്ഷാമിഷന് കൈമാറിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹77872 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കളായ കുട്ടികളുടെ കേൾവിശക്തിക്കായുള്ള ഉപകരണങ്ങൾക്ക് കൃത്യമായ പരിപാലനം നടന്നു എന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് സർട്ടിഫിക്കറ്റും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആശുപത്രി മാനേജിംഗ് കമ്മറ്റി ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുന:സംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങൾ അറിയിക്കേണ്ടതും വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യപത്രം _ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ
പ്രോജക്ട് നമ്പർ / പേര്	60/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ	₹500000 വികസന ഫണ്ട് പൊതു വിഭാഗം
ചിലവ്	₹500000 ബിൽ നമ്പർ : 370/18-03-2023

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് മനേക്കര ക്ഷീര സംഘത്തിനെ കാലിത്തീറ്റ വിതരണത്തിനായി തെരഞ്ഞെടുക്കുകയും SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് ₹500000 നൽകുകയും ചെയ്തിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയായാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-23 ആയുർവേദ ഡിസ്പെൻസറി - ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകം

ജി.ഒ (പി) നം 177/2006/ഫിൻ തീയതി 2-4-2006 ഖണ്ഡിക 18.3, 18.5 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ആയുർവേദ മെഡിക്കൽ ഓഫീസർ ഓഡിറ്റിനു ലഭ്യമാക്കിയ ടി ആർ 7-എ ക്യാഷ് ബുക്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. 2022-23 സാമ്പത്തിക വർഷം അഞ്ച് പ്രൊജക്ടുകൾക്കായി ₹749879 ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രൊജക്ട് നമ്പർ 122/23 പ്രകാരമുള്ള ആയുർവേദ ഡിസ്പെൻസറിക്ക് കണ്ടിജൻസി ചാർജ് എന്ന് പ്രോജെക്ടിന്റെ വരവ് ചെലവ് കണക്കുകൾ (₹49994) മാത്രമാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് മേൽ ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി ക്യാഷ് ബുക്കിൽ യഥാസമയം കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കൂറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-24 തനത് വരുമാനം-അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം ചുവടെ ചേർക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും പരിശോധിച്ച് ഉറപ്പാക്കിയതായി കാണുന്നില്ല. കൂടാതെ ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധിക്കപ്പെട്ടിട്ടില്ല. താരതമ്യേന റവന്യൂ വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പഞ്ചായത്തായതിനാൽ വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്താവുന്നതുമാണ്. നികുതി ഇനങ്ങളായ തൊഴിൽ നികുതി, വസ്തുനികുതി നികുതിയേതര ഇനങ്ങളായ FTE&OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

I. വസ്തു നികുതി : സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ

വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വിജ്ഞാപനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശയോടെ ഭരണസമിതി അംഗീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിൽ IKM സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്ത 5 % അധിക നികുതിയാണ് ഈടാക്കുന്നത്. പുതുക്കിയ വസ്തു നികുതി നിരക്ക് സംബന്ധിച്ച കരട് വിജ്ഞാപനം 20-06-2023 ന് ഗ്രാമ പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും (19-06-2023 ലെ നം. 225/2023 ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം) ആയത് അന്തിമമാക്കിയിട്ടില്ല. പൊതുജനാഭിപ്രായം ആരാഞ്ഞതിനു ശേഷം പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്ന് കരട് വിജ്ഞാപനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്ക്കരണം അന്തിമമാക്കുന്നതിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. നോൺ റസിഡൻഷ്യൽ കെട്ടിട ഉടമകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു (തൻ വർഷ വസ്തുനികുതി കുടിശ്ശിക ₹3050, മുൻ വർഷങ്ങളിലെ കുടിശ്ശിക ₹17,480). വസ്തു നികുതി കുടിശ്ശിക പിഴ സഹിതം (1994 ലെ കേരള കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (ഇ) കാണുക) ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. തൊഴിൽ നികുതി : സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽ, മരാമത്ത് കരാറുകാർ, മറ്റ് കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നു. 31-10-2017 തീയതിയിലെ സ.ഉ.(പി.)നം.78/2017/തസ്വഭവ ഉത്തരവ് (1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം നം. 4-ലെ ഭേദഗതി ഉത്തരവ്) പ്രകാരം തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം പ്രോത്സാഹിപ്പിക്കാൻ ശിപാർശ ചെയ്യുന്നുണ്ട്. ആയതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

III. ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ് : 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9 ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 462 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

IV. എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് : 1996 ലെ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7, പട്ടിക 2 പ്രകാരം സ്ഥാപനത്തെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിർണ്ണയിക്കേണ്ടതും ഈടാക്കേണ്ടതും. GO(P)No.80/2017/LSGD തി: 31-10-2017 നമ്പർ ഉത്തരവ് പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി അനുസരിച്ചുള്ള പരമാവധി ലൈസൻസ് ഫീസാണ് നിലവിൽ ഗ്രാമ പഞ്ചായത്തിലെ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വരുന്നതെങ്കിലും 2022-23 വർഷത്തെ ഭൂരിഭാഗം FTE&OS ലൈസൻസ് അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ അപാകം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (3/08-09-2023) വരും വർഷങ്ങളിൽ ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന്

മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സംരംഭ പ്രവർത്തനങ്ങൾക്കും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും സ്ഥാപനങ്ങളിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ചട്ടത്തിൽ നിഷ്ക്കർഷിക്കും പ്രകാരമാണോ ഈടാക്കുന്നതെന്നും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

V. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള രജിസ്റ്ററുകൾ തയ്യാറാക്കി കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

VI. 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ (കൈ) 84/22 ത.സ്വ.ഭ.വ തീ. 19.04.2022) ഖണ്ഡിക 5-1 ൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നടപടികൾ പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കിയതിൽ ₹3000 യുടെ കുറവ്

31-10-2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം ₹500, ₹1000, ₹5000, ₹10000, ₹15000) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. എന്നാൽ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിലെ ചുവടെ പറയുന്ന സ്ഥാപനത്തിൽ നിന്നും ചട്ടം അനുശാസിച്ചതിലും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്.

സ്ഥാപനം	ലൈസൻസ് നമ്പർ	വാർഡ് /കെട്ടിട നമ്പർ	ഉടമസ്ഥന്റെ പേര്	മൂലധന നിക്ഷേപം/ മേഖല (അപേക്ഷ പ്രകാരം)	ഈടാക്കിയ തുക/ രശീത് നമ്പർ / തീയതി	ഈടാക്കേണ്ട ഫീസ്	ഈടാക്കാൻ കുറവ് വന്ന ഫീസ്
ഡോൾഫിൻ ബേക്ക്സ് മീത്തലെ ചമ്പാട്	124/2022-2023/ B4/240/22, Dt:21-05-2022	XV/294 B, F	ശ്രേയസ് കൃഷ്ണൻ. ടി. ആർ, പ്രശാന്തി നിലയം കുട്ടിമാക്കൂൽ	₹50,00,000/ സേവന മേഖല	₹2000 1220200342/ 21-05-2022	₹5000	₹3000

ഗ്രാമ പഞ്ചായത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന

ഫീസ് നിരക്കുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദമാക്കുവാനും 3/8-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലൈസൻസ് ഫീസ് നിരക്കുകൾ ക്രമീകരിച്ച് കൊണ്ട് ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തിട്ടില്ലെന്നും സർക്കാർ നിശ്ചയിച്ച പരമാവധി നിരക്കിലാണ് നിലവിൽ ലൈസൻസ് ഫീസ് ഈടാക്കി വരുന്നതെന്നും മേൽ സ്ഥാപനം വർഷങ്ങളായി വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസായി ₹2000 അടവാക്കിയിട്ടാണ് പ്രവർത്തിച്ചു വരുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. മേൽ സ്ഥാപനത്തിന്റെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക ₹3000 സ്ഥാപന ഉടമയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി	സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി
2022-23	12-09-2023, 13-09-2023	കെ.എസ്.എ/കെ.എൻ.ആർ/ സി.9/1490/2023 തീയതി - 12-10-2023

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ നമ്പർ	വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക ₹	തുക ലഭിച്ച വർഷം	പദ്ധതിയുടെ നമ്പർ / പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
1	പാനൂർ ബ്ലോക്ക് പഞ്ചായത്ത്	300000	2022-23	8/23 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	300000	ഇല്ല
2	പാനൂർ ബ്ലോക്ക് പഞ്ചായത്ത്	150000	2022-23	9/23 സാന്ത്വന പരിചരണം	150000	ഇല്ല
3	പാനൂർ ബ്ലോക്ക് പഞ്ചായത്ത്	122990	2022-23	18/23 ഡോക്ടർ ഫാർമ്മസിസ്റ്റ്	122990	ഇല്ല

				വേതനം		
4	പാനൂർ ബ്ലോക്ക് പഞ്ചായത്ത്	658000	2022-23	24/23 ലൈഫ് ഭവനപദ്ധതി SC സ്പിൽ ഓവർ	658000	ഇല്ല
5	പാനൂർ ബ്ലോക്ക് പഞ്ചായത്ത്	600000	2022-23	54/23 ലൈഫ് ഭവനപദ്ധതി	600000	ഇല്ല
6	പാനൂർ ബ്ലോക്ക് പഞ്ചായത്ത്	117000	2022-23	94/23 പാലിന് സബ്സിഡി	117000	ഇല്ല
	ആകെ	**1947990**			**1947990**	
7	കണ്ണൂർ ജില്ലാ പഞ്ചായത്ത്	200000	2022-23	8/23 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	200000	ഇല്ല
8	കണ്ണൂർ ജില്ലാ പഞ്ചായത്ത്	81786	2022-23	9/23 സാന്ത്വന പരിചരണം	81786	ഇല്ല
9	കണ്ണൂർ ജില്ലാ പഞ്ചായത്ത്	160000	2022-23	24/23 ലൈഫ് ഭവനപദ്ധതി SC സ്പിൽ ഓവർ	160000	ഇല്ല
10	കണ്ണൂർ ജില്ലാ പഞ്ചായത്ത്	2700000	2022-23	54/23 ലൈഫ് ഭവനപദ്ധതി	2700000	ഇല്ല
11	കണ്ണൂർ ജില്ലാ പഞ്ചായത്ത്	100000	2022-23	94/23 പാലിന് സബ്സിഡി	100000	ഇല്ല
	ആകെ	**3241786**			**3241786**	

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	നൽകിയ തുക ₹	വൗച്ചർ നമ്പർ/ തീയ്യതി	ചെലവഴിച്ച തുക ₹	പൂർത്തീകരിച്ച വിവരം
കെ.എസ്. ഇ.ബി	73/23 തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ കെ.എസ്. ഇ.ബി ക്ക് തുക	25016	വൗച്ചർ നമ്പർ 22200474/ 12-10-2022	25016	പൂർത്തീകരിച്ചു

	കൈമാറൽ				
കെ.എസ്. ഇ.ബി	76/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ കെ.എസ്. ഇ.ബി ക്ക് തുക കൈമാറൽ	738799	ബിൽ നമ്പർ 235/31-03-2023	767691	പൂർത്തീകരിച്ചു
		28892	വൌച്ചർ നമ്പർ 22200762/ 21-2-2023		
		ആകെ : 767691			

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

മുന്നിരിപ്പ്	20000
തൻവർഷം നിക്ഷേപിച്ചത്	ഇല്ല
ആകെ	20000
തൻവർഷം പിൻവലിച്ചത്	ഇല്ല
വർഷാവസാനം നീക്കിയിരിപ്പ്	20000

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

ക്രമ നമ്പർ	സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി	തുക
1	മലബാർ ട്യൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4433/09-05-2015	20000

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹60320 യുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം / ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപേര്	രശീത് നമ്പർ /തീയ്യതി
2017-18	2-3	58500	എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ. എസ്. ജി. ഡി, കണ്ണൂർ	1220401126/31-10-2022
2017-18	2-3	1820		1220401126/31-10-2022
	ആകെ	60320		

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	9	2003-04	3.13.17	മറ്റു പരാമർശങ്ങൾ	പരാമർശം നിലനിൽക്കുന്നു
2001-02	15	2003-04	3.13.17	മറ്റുപരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ	പരാമർശം നിലനിൽക്കുന്നു
2009-10, 2010-11	3-11	2011-12	2-1	ഗ്രാമ സഭ പൊതു അവേലാകനം	പരാമർശം നിലനിൽക്കുന്നു
2014-15	2-2	2016-17	2	തൊഴിൽ നികുതി	പരാമർശം നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹	35243954
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹	29629388
വരവിനങ്ങളിലുള്ള നഷ്ടം	₹	3000
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹	404872

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേര് വിവരം
	ചാർജ് ചെയ്യാവുന്നത്	സർചാർജ് ചെയ്യാവുന്നത്	
1-13	3000	0	ശ്രീ. പ്രദീപൻ തെക്കേക്കാട്ടിൽ. സെക്രട്ടറി

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേര് വിവരം
1-14	1,77,000	ശ്രീ. ഉമേഷ്ബാബു കോട്ടായി, സെക്രട്ടറി
1-19	1,50,000	ശ്രീമതി. റസീന. കെ, വി.ഇ.ഒ, പന്ന്യന്നൂർ
1-20	77,872	ശ്രീമതി. ജീന കോറോത്ത്, ഐ.സി.ഡി.എസ്

		സൂപ്പർവൈസർ
ആകെ	4,04,872	

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം	ഇപ്പോഴത്തെ ഔദ്യോഗിക വിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ഉമേഷ്ബാബു കോട്ടായി, സെക്രട്ടറി	സെക്രട്ടറി, പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്	മാളൂസ്, കൂറ്റേരിച്ചാൽ, പി.ഒ പന്ന്യന്നൂർ, കണ്ണൂർ
ശ്രീമതി. റസീന. കെ, വി.ഇ.ഒ, പന്ന്യന്നൂർ	വി.ഇ.ഒ, പന്ന്യന്നൂർ	പുത്തൻപുരയിൽ ഹൌസ്, ചെറുപറമ്പ്-പി.ഒ കണ്ണൂർ
ശ്രീമതി. ജീന കോറോത്ത്, ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത്	ആർദ്രം, നങ്ങാറത്ത് പീടിക, ടെമ്പിൾ ഗേറ്റ്, തലശ്ശേരി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1998-99	നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/1319/2022 തീയതി 22.09.2022	1
1999-2000	നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/1319/2022 തീയതി 22.09.2022	4
2000-01	നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/1319/2022 തീയതി 22.09.2022	2

2001-02	നം.കെ.എസ്.എ/കെ.എൻ.ആർ/ സി.9/1319/2022 തീയതി 22.09.2022	1
2006-07	നം.കെ.എസ്.എ/കെ.എൻ.ആർ/ സി.9/1319/2022 തീയതി 22.09.2022	1
2009-10 2010-11	നം.കെ.എസ്.എ/കെ.എൻ.ആർ/ സി.9/1319/2022 തീയതി 22.09.2022	2
2013-14 2014-15	നം.കെ.എസ്.എ/കെ.എൻ.ആർ/ സി.9/1319/2022 തീയതി 22.09.2022	1
2017-18	നം.കെ.എസ്.എ/കെ.എൻ.ആർ/ സി.9/1319/2022 തീയതി 22.09.2022	1
2019-20	നം.കെ.എസ്.എ/കെ.എൻ.ആർ/ സി.9/124/2022 തീയതി 30.08.2022	12
2020-21	നം.കെ.എസ്.എ/കെ.എൻ.ആർ/ സി.9/109/2022 തീയതി 30.08.2022	13
2021-22	നം.കെ.എസ്.എ/കെ.എൻ.ആർ/ സി.9/1240/2022 തീയതി 19.11.2022	16

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 243/23 dated 03-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Panniyannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Panniyannur Grama Panchayat for the year 2022-2023

Date: 12/10/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Panniyannur Grama Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1. The mandatory financial statements such as ratios prescribed in kerala Panchayath Raj accounting rules 2011 (rule 62 F) ,B-1 Schedule of the Annual Financial Statements not submitted for audit.

2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

3. Comparative amounts for the preceding year not entered on the Financial Statements

4. The amount directly credited by the bank shown in bank reconciliation statement not taken in to account

5. The amount gross surplus/ deficit of income over expenditure shown in income and expenditure statement varies from the actual amount

6. Grant liability amount shown as liability in Balancesheet(CFC) does not match with Bank account opened for the specified grant account.

7. Lapses in making timely and accurate demand entries in respect of tax and non tax revenue

8. Asset register has not been updated

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം3

ധനകാര്യ പത്രികകൾ

1.റസീറ്റ് **&** പേമെന്റ് സ്റ്റേറ്റ്മെന്റ്

Panniyannur Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2022 to 31-March-2023			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	10815565.00
Cash	Cash	RP-40(a)	45406.00
	Operating		
110000000	Tax Revenue	RP-1	792510.00
130000000	Rental income from Panchayat Properties	RP-3	400.00
140000000	Fees & User Charges	RP-4	651633.00
150000000	Sale & Hire Charges	RP-5	87556.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	11167000.00
171000000	Interest Earned	RP-9	280626.00
190000000	Prior Period Income	RP-11	265550.00
311000000	Earmarked Funds	RP-28	14251.00
320000000	Grants, Funds & Contributions for Specific Purposes	RP-30	14557129.00
431000000	Sundry Debtors (Receivables)	RP-45	6857124.00
460000000	Loans, Advances and Deposits	RP-49	155196.00
	Non Operating		
180000000	Other Income	RP-10	1809.00
340000000	Deposits Received	RP-33	21568.00

350000000	Other Liabilities	RP-35	391602.00
	Grand total		**46104925.00**
	PAYMENTS		
	Operating		
320000000	Grants, Funds & Contributions for Specific Purposes	RP-30	19108.00
415000000	Annual plan - Capital Expences(Infrastructure Sector)	RP-42	5541.00
431000000	Sundry Debtors (Receivables)	RP-45	3649074.00
460000000	Loans, Advances and Deposits	RP-49	714396.00
470000000	Other Assets	RP-50	9800.00
	Non Operating		
340000000	Deposits Received	RP-33	71144.00
350000000	Other Liabilities	RP-35	25160325.00
	Closing Balance		

Bank	Bank	RP-40(b)	16431645.00
Cash	Cash	RP-40(b)	43892.00
	Grand Total		**46104925.00**

2. ഇൻകം **&** എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Panniyannur Grama Panchayat INCOME & EXPENDITURE STATEMENT
For the period from 01-April-2022 to 31-March-2023

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	4659574.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	400.00

140000000	Fee & User Charges	I-4	879117.00
150000000	Sale & Hire Charges	I-5	103048.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	110806610.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	280626.00
180000000	Other Income	I-9	1809.00
190000000	Prior Period Income	I-19	269046.00
	Total Income		**116731184.00**
	EXPENDITURE		
210000000	Establishment Expenses	I-10	11999841.00
220000000	Administrative Expenses	I-11	716995.00
230000000	Operations & Maintenance	I-12	911253.00
240000000	Interest & Finance Charges	I-13	488.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	4571912.00
251000000	Decentralised Plan Programme-Service Sector	I-14(A)	26025931.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	99921.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	21612940.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	45313200.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	812880.00

260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	10560145.00
	Total Expenditure		**122625506.00**
	Gross Surplus / Deficit of income over Expenditure		**-5894322.00**
	Gross Surplus / Deficit of income over Expenditure		**-6163368.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	0.0
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		**269046.00**

3.ബാലൻസ് ഷീറ്റ്

Panniyannur Grama Panchayat BALANCE SHEET As on 31-March-2023			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	3101477.00
311000000	Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund	B-2	60103.00
312000000	Reserves	B-3	59904533.00
	Total Reserve & Surplus		**63066113.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	7819398.00
	Total Grants, Contributions for Specific Purposes		**7819398.00**
	Loans		
330000000	Secured Loans	B-5	0.0

331000000	Unsecured Loans	B-6	0.0
	Total Loans		**0.0**
	Current Liabilities & Provisions		
340000000	Deposits Received	B-7	66346.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	1690568.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**1756914.00**
	TOTAL LIABILITIES		**72642425.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	503039.00
412000000	Capital Work in Progress	B-11(b)	177000.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	477163.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	6602952.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	83247053.00
416000000	Accumulated Depreciation	B-11(a)	-40694360.00
	Total Fixed Assets		**50312847.00**
	Investments		
420000000	Investments-General Fund	B-12	20000.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**20000.00**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0

431000000	Sundry Debtors (Receivables)	B-15	3648619.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	16475537.00
460000000	Loans, Advances and Deposits	B-18	2185422.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**22309578.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**72642425.00**

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ